**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഉപ്പുനാട് മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉപ്പുനാട് മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉപ്പുനാട് - മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തിക്കായി 13.03.2020-ൽ SE(K)219/2019-20 കരാർ പ്രകാരം കരാറിൽ ഏർപ്പെട്ടു. ശ്രീ. പി.കേശവദേവ് എന്ന കരാറുകാരന് 01.07.2020-ൽ സൈറ്റ് കൈമാറി നൽകി. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയായ 31.12.2020 തീയതിക്കിടയിൽ കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പദ്ധതി നടപ്പിലാക്കിയതിനാൽ നവംബർ 2021 വരെ കോൺക്രീറ്റ് പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് റോഡ് പ്രവൃത്തികളെല്ലാം തന്നെ തടസപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നു. ഇതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുടെ തന്നെ ജലജീവൻ മിഷൻ പ്രവൃത്തിയും ഈ റോഡിൽ തുടർന്ന് നടപ്പിലാക്കി ആയത് നവംബർ 2022-ൽ മാത്രമാണ് പൂർത്തിയായത്. ഈ കാലയളവിൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി കോൺക്രീറ്റ് ചാൽ, കൾവർട്ട്, സംരക്ഷണ ഭിത്തി, ഭാഗികമായി വീതി കൂട്ടൽ പ്രവൃത്തി എന്നിവ മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. കിഫ്ബി, ജലജീവൻ മിഷൻ എന്നീ പദ്ധതികൾ മുഖേനയുള്ള കുടിവെള്ള പൈപ്പ്ലൈൻ കേരള വാട്ടർ അതോറിറ്റി ഈ റോഡിലൂടെ സ്ഥാപിക്കുന്നതിൽ വന്ന കാലതാമസമാണ് റോഡ് പ്രവൃത്തി പൂർത്തിയാവാത്തതിന്റെ കാരണം. |
| (ബി) | പ്രസ്തുത പ്രവൃത്തി പുന:ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (നിരത്ത്) ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. പൊ.മ.വ-പി.എസ്1/24/2023-പൊ.മ.വ എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പൊ.മ.വ-പി.എസ്1/24/2023-പൊ.മ.വ എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ